പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.361 19/03/2018-ൽ മറുപടിക്ക്

## തസ്തിക നഷ്ടമായ അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എൻ. വിജയൻപിള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടമായ അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ടോ; അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. 29/01/2016-ലെ സ.ഉ (പി) നം. 29/2016/പൊ.വി.വ പ്രകാരമാണ് തസ്തിക നഷ്ടപ്പെടുന്ന ജീവനക്കാർക്ക് സംരക്ഷണം അനുവദിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഇപ്രകാരം സംരക്ഷണം അനുവദിച്ചിട്ടുള്ളത്.<br>1.31/03/2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/ അനദ്ധ്യാപകർ.<br>2.അദ്ധ്യാപക പാക്കേജ് വഴി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ<br>3.മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും<br>4.അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ<br>5.2011-12 മുതൽ 2014-15 വരെ രാജി, മരണം റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവർ |
| (ബി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ടവരുടെ പുനർ നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇവ പാലിക്കപ്പെടുന്നുണ്ടോ | (ബി) 03-12-2016-ലെ സ.ഉ (പി) 199/2016/ പൊവിവ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയ കെ.ഇ.ആർ |

| | |
|---|---|
| എന്ന് പരിശോധിച്ചിരുന്നോ; | അദ്ധ്യായം 21 ചട്ടം 7 ൽ 1 മുതൽ 4 വരെയുള്ള ഉപചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളാണ് സംരക്ഷിതാദ്ധ്യാപകരുടെ പുനർ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ളത്.<br>ചട്ടം 7 (1) : പ്രധാനാദ്ധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുള്ള അധിക തസ്തികകളിൽ (RTE പ്രകാരം 150 കുട്ടികളുള്ള എൽ.പി സ്കൂളിലേയും 100 കുട്ടികളുള്ള യു.പി സ്കൂളിലേയും പ്രധാനാദ്ധ്യാപകരെയാണ് ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്)<br>ചട്ടം 7 (2) : 22-05-1979 ന് മുമ്പ് സ്ഥാപിതമായ സ്കൂളുകളിൽ ഉണ്ടാവുന്ന അധിക തസ്തികകളിൽ 1:1 എന്ന അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകൻ, മാനേജർ നിയമിക്കുന്ന അദ്ധ്യാപകൻ എന്ന ക്രമത്തിൽ<br>ചട്ടം 7 (3) : 22-05-1979 ന് ശേഷം സ്ഥാപിതമായതോ അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗങ്ങളിലോ ഉണ്ടാകുന്ന എല്ലാ തസ്തികകളും<br>ചട്ടം 7 (4) : ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളടക്കമുള്ള ഒഴിവുകൾ.<br>ഈ വ്യവസ്ഥകൾക്കെതിരെ മാനേജർമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C ) 1356/17 കേസിൽ ബഹു. കോടതി മേൽ വ്യവസ്ഥകൾ ശരിവെക്കുകയുണ്ടായി. ഇതിനെതിരെ ഫയൽ ചെയ്ത അപ്പീലിൽ 'സ്റ്റാറ്റസ്കോ' നിലനിർത്താൻ ഉത്തരവായതിനാൽ പൂർണ്ണമായും പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്നിരുന്നാലും 5-08-2016 ലെ 134/2016 സർക്കാർ ഉത്തരവു പ്രകാരം അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവനക്കാരെ താല്ക്കാലികമായി സംരക്ഷിച്ചു നിർത്തിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഈ തസ്തികകളിലേക്ക് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?. | (സി) 1). 20/09/2016- ലെ സ.ഉ നം. 158/2016/ പൊവിവ ഉത്തരവ് പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ-<br>1. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) - 26<br>2. എച്ച്.എസ്.എസ്.റ്റി - 19<br>ആകെ 45 |

2). 24/6/17 ലെ സ.ഉ നം. 61/2017/ പൊവിവ പ്രകാരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) | - | 269 |
| 2. എച്ച്.എസ്.എസ്.റ്റി | - | 232 |
| 3. അപ്ഗ്രഡേഷൻ | - | 113 |
| 4. ലാബ് അസിസ്റ്റന്റ് | - | 47 |
| 5. പ്രിൻസിപ്പൽ | - | 46 |
| ആകെ | — | **707**. |

3). 21/08/2017- ലെ സ.ഉ നം. 106/2017/ പൊ.വി.വ പ്രകാരം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ

| | | |
|---|---|---|
| 1. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) | - | 674 |
| 2. എച്ച്.എസ്.എസ്.റ്റി | - | 642 |
| 3. അപ്ഗ്രഡേഷൻ | - | 167 |
| 4. ലാബ് അസിസ്റ്റന്റ് | - | 188 |
| 5. പ്രിൻസിപ്പൽ | - | 125 |
| ആകെ | — | **1796** |

എയ്ഡഡ്, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലുമായി ആകെ 2548 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ മേൽ സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിന് എല്ലാ ആർ.ഡി.ഡി മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടന്നു വരുന്നുണ്ട്. ഗവൺമെന്റ് സ്കൂളുകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ